# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 2098

22.01.2014 -ലെ മറുപടിക്ക്

### പന്തിരിക്കര സ്കൂൾ വിദ്യാർത്ഥിനികളെ ഉപയോഗിച്ച് നടത്തിയ പെൺവാണിഭം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| (എ) പന്തിരിക്കര സ്കൂൾ വിദ്യാർത്ഥിനികളെ ഉപയോഗിച്ച് നടത്തിയ പെൺവാണിഭവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (എ) ഇതു സംബന്ധിച്ച് രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 251/13, 337/13) |
| (ബി) കേസുകളിൽ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 251/13 എന്ന കേസിൽ 4 പ്രതികളേയും, 337/13 എന്ന കേസിൽ 7 പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) പീഢനത്തിനിരയായ പെൺകുട്ടിയുടെ രക്ഷിതാവ് പോലീസിൽ പരാതി നൽകിയിരുന്നോ; എങ്കിൽ പരാതി എപ്പോഴാണ് നൽകിയതെന്നും എപ്പോഴാണ് പോലീസ് നടപടി സ്വീകരിച്ചതെന്നും വെളിപ്പെടുത്തുമോ; | (സി) പീഢനത്തിനിരയായ പെൺകുട്ടിയുടെ പിതാവ് പോലീസിൽ പരാതി നൽകിയിട്ടുണ്ട്. 23.10.2013 തീയതിയിൽ കോഴിക്കോട് ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച പരാതി അന്നേ ദിവസം തന്നെ വടകര എ.എസ്.പി.ക്ക് അയച്ചു കൊടുക്കുകയും സംഭവസ്ഥലം നാദാപുരം ഡി.വൈ.എസ്.പി.യുടെ പരിധിയിൽ ആയതിനാൽ ടി പരാതി 25.10.2013 തീയതി നാദാപുരം ഡി.വൈ.എസ്.പി.ക്ക് നൽകുകയും ടി ഡി.വൈ.എസ്.പി അന്വേഷണം നടത്തി റിപ്പോർട്ട് 21.11.2013 തീയതി ജില്ലാ പോലീസ് മേധാവിക്ക് നൽകിയിട്ടുള്ളതുമാണ്. തുടർന്ന് പീഢനത്തിന് ഇരയായ പെൺകുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്യുകയും ആയത് ശ്രീമതി ബി. സന്ധ്യ ഐ.പി.എസ്.ന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം അന്വേഷണം നടത്തി വരുന്നു. |
| (ഡി) ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | (ഡി) ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ